**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ വിവിധ ഫിഷിങ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വിവിധ ഫിഷിങ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യ ത്തൊഴിലാളി*കളുടെ* പുനരധിവാസത്തിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി ബാധിത മേഖയിലെ അർഹരായ മത്സ്യബന്ധന മത്സ്യേതര വിഭാഗത്തിലെ തൊഴിലാളികൾക്ക് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി ഉപജീവന ആഘാത നിർണ്ണയ കമ്മിറ്റി (LIAC) യേയും ഇതിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഉപജീവന ആഘാത നിർണ്ണയ അപ്പീൽ കമ്മിറ്റിയേയും (AC LIAC) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതി ബാധിത പ്രദേശത്തു നിന്നും ലഭ്യമായ അപേക്ഷകളും അപ്പീലുകളും പരിഗണിച്ച് അർഹരായവർക്ക് സർക്കാർ അംഗീകാരത്തോടെ ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി നാളിതുവരെ ആകെ 99.94 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി 2,640 |

പദ്ധതി ബാധിതർക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി വിതരണം ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ, തൊഴിലുപകരണങ്ങൾ, ചെമ്മീൻവാറ്റ് കൃഷി എന്നിവ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 2,05,39,735/- രൂപയുടെ നഷ്ടപരിഹാര പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിരുന്നു. ആയത് പ്രകാരം റെയിൽ കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി നൽകേണ്ട 27,42,500/- രൂപയും റോഡ് കണക്റ്റിവിറ്റി മൂലം നൽകേണ്ട നഷ്ടപരിഹാരമായ 68,76,610/- രൂപയിൽ 36,87,193/- രൂപയും കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും എറണാകുളം ജില്ലാ കളക്ടർ മുഖേന എറണാകുളം മേഖല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ച് നൽകിയിരുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നഷ്ട പരിഹാരത്തിന് അർഹരായവർ 416 പേരാണ്. പൂർണ്ണമായും നീക്കം ചെയ്യപ്പെടുന്ന 1, 2, 3 തരം ഊന്നി വലകൾക്ക് യഥാക്രമം വലയൊന്നിന് 87,500/-, 72,500/-, 57,500/- രൂപ വീതവും നീട്ടുവല, വീശുവല, വട്ടവല എന്നിവയ്ക്ക് 8,750/- രൂപയും കണക്കാക്കി 179 ഗുണഭോക്താക്കൾക്ക് 24,58,250/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതിക്കായി പുല്ലൂർക്കോണം ടൗൺഷിപ്പിൽ 13.25 ഹെക്ടറും തെന്നൂർക്കോണം ടൗൺഷിപ്പിൽ 10.33 ഹെക്ടറും ഭൂമി സർക്കാർ അക്വയർ ചെയ്തിട്ടുണ്ട്. പുല്ലൂർക്കോണം സൈറ്റിൽ 553 താമസക്കാർക്ക് 4 സെന്റ് വീതം ഭൂമിയും തെന്നൂർക്കോണം സൈറ്റിൽ 420 പേർക്ക് 4 സെന്റ് വീതം ഭൂമിയും 7 പേർക്ക് 2 സെന്റ് വീതം ഭൂമിയും നൽകിയിട്ടുണ്ട്. പുല്ലൂർക്കോണം സൈറ്റിൽ 517 ഉം തെന്നൂർക്കോണം - സൈറ്റിൽ 400 ഉം കുടുബങ്ങൾക്ക് 4 സെൻറ് വീതമുള്ള വസ്തുവിൽ മത്സ്യഫെഡ് വഴി വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത

| | | | |
|---|---|---|---|
| | | | വീട്ടുകളിലേക്കെല്ലാം തന്നെ ഗതാഗതത്തിനായി റോഡ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനായുള്ള വ്യവസ്ഥ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി വില നൽകി സ്ഥലമേറ്റെടുത്തപ്പോൾ ടി സ്ഥലങ്ങളിൽ താമസിക്കുന്ന വീടുണ്ടായിരുന്ന വീട്ടുടമസ്ഥർക്ക്, സ്ഥല വിലയ്ക്ക് പുറമേ നിലവിലെ PWD നിരക്കും അതിന്റെ അൻപത് ശതമാനവും (50%) ഉൾപ്പെട്ട തുക കെട്ടിട വിലയായും, പുനരധിവാസമായി 5 സെൻറ് വീതം സ്ഥലവും നൽകിയിട്ടുണ്ട്. |
| (സി) | തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷാ മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിനായുള്ള ബൃഹദ് പദ്ധതിയാണ് പുനർഗേഹം. 2,450 കോടി രൂപ അടങ്കൽ തുക വരുന്ന പ്രസ്തുത പദ്ധതി വ്യക്തിഗത ഭവന നിർമാണവും ഫ്ലാറ്റ് നിർമാണവും വിഭാവനം ചെയ്യുന്നു. തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളി കളെ പുനർഗേഹം പദ്ധതിയിൽ പ്രത്യേകമായി പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ